# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1240 — 11.06.2019 ൽ മറുപടിക്ക്**

**പി.ഡബ്ല്യു.ഡി. എൻ ജിനീയർമാർക്കുള്ള പരിശീലനകേന്ദ്രം നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ നേര്യമംഗലത്ത് പണികഴിപ്പിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി. എൻജിനീയർമാർക്കുള്ള പരിശീലനകേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(എ) കേരളത്തിലെ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്നതിനായുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ കോതമംഗലത്തു നിന്നും 20 കി.മീ അകലെ നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് കേരള പി.ഡബ്ല്യു.ഡി എഞ്ചിനീയർമാർക്കുള്ള പരിശീലന സെന്ററിന്റെ പണി പുരോഗമിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 3553 ച.മീ വിസ്തീർണ്ണത്തിൽ 448 ലക്ഷം രൂപ ചെലവിൽ സെല്ലാർ, താഴത്തെ നില, ഒന്നാം നില എന്നിവ 02/07/2013 ൽ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടമായി നിലവിലുള്ള കെട്ടിടത്തിനു മുകളിൽ 1276 ച.മീ. വിസ്തീർണ്ണത്തിൽ രണ്ടാം നിലയിലും ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ വേലകൾ ഉൾപ്പെടെ 700 ലക്ഷം രൂപ മുടക്കി 05/06/2015 ൽ പണി ആരംഭിക്കുകയും 01/12/2016-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ചുറ്റുമതിൽ, ഗേറ്റ്, മുറ്റം, റോഡ് മുതലായവയും പേവിംഗ്, ടൈൽസ് വിരിക്കൽ വേലകൾ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ കോമ്പൗണ്ടിനുള്ളിൽ തന്നെ 276 ച.മീ വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും 185 ച.മീ. വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ഓഫീസിന്റേയും കെട്ടിടങ്ങൾ 58 ലക്ഷം രൂപ മുടക്കി 11/03/2015 ൽ

പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വേലകളും പൂർത്തീകരിച്ച ഇവിടെ ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പരിശീലനകേന്ദ്രത്തിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 26/02/2016 ൽ ആരംഭിക്കുകയും 17/12/2018 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 620 ലക്ഷം രൂപ മുടക്കിയ ഈ ഘട്ടത്തിൽ 3033 ച.മീ. വിസ്തീർണ്ണത്തിൽ മൂന്ന് നിലകളായി 44 മുറികളും മൂന്ന് സ്യൂട്ടുകളും ഉൾപ്പെടെയുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പൈൽ ഫൗണ്ടേഷൻ വേണ്ടി വന്നതിനാൽ മുഴുവൻ പണികളും ലഭ്യമായ ഫണ്ടിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മൂന്നാംഘട്ടത്തിന്റെ ബാലൻസ് വർക്കുകൾക്കായി 448.35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഈ വർക്ക് പി.ഡബ്ല്യു.ഡി സെൻട്രൽ സർക്കിൾ ഓഫീസിൽ ടെണ്ടർ ചെയ്തിട്ടുണ്ട്. മൂന്നാംഘട്ട വേലകളിൽ ഉൾപ്പെട്ടിരുന്ന 85 ലക്ഷം രൂപയുടെ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ബാലൻസ് വർക്കുകളിൽ ഉൾപ്പെടുത്തി 111 ലക്ഷം രൂപയുടെ ടെണ്ടർ നടത്തി യൂട്ടിലിറ്റി സപ്ലൈ ചെയ്യുന്നതിനായുള്ള എഗ്രിമെന്റ് വച്ച് വേലകൾ ആരംഭിക്കുകയും ചെയ്തു.

നാലാംഘട്ടമായി ഈ കോംപ്ലക്സിനകത്തു തന്നെ നിർമ്മിക്കാനുദ്ദേശിക്കുന്ന കൺവെൻഷൻ സെന്ററിനായുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ വേലകൾ പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി ഡ്രോയിംഗ് വിങ്ങിലേക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇവിടെ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റാഫ് ക്വാർട്ടേഴ്സിനായുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്

തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതാണ്.

| | |
|---|---|
| (സി) പരിശീലനകേന്ദ്രത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ടി നല്കിയിട്ടുള്ള പ്രൊപ്പോസലിൽ കൈക്കൊണ്ട തീരുമാനം വ്യക്തമാക്കാമോ; | (സി) പരിശീലന കേന്ദ്രത്തിന്റെ മൊത്തം പണികളെല്ലാം പൂർത്തീകരിച്ച ശേഷം സ്റ്റാഫിനെ നിയമിക്കുന്ന വിഷയത്തിൽ നടപടി കൈക്കൊള്ളുന്നതാണ്. |
| (ഡി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) പരിശീലന കേന്ദ്രത്തിന്റെ പ്രധാന വേലകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ വേലകൾക്ക് ഭരണാനുമതി കിട്ടിയവയെല്ലാം ടെണ്ടർ നടത്തി പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**